## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1263** **14-03-2022 - ൽ മറുപടിയ്ക്ക്**

## വൈപ്പിൻ ബീച്ച് കോറിഡോർ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 25.03.2017ൽ വിനോദസഞ്ചാര വകുപ്പ് 160/2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 4.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് കോറിഡോർ പദ്ധതി നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വൈപ്പിൻ മണ്ഡലത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ കണക്കിലെടുത്തും സി.ആർ.ഇസഡ്. നിയമപ്രകാരമുള്ള നിർമ്മാണപ്രവർത്തനങ്ങൾ പ്രസ്തുത പദ്ധതിയിൽ നിന്ന് ഒഴിവാക്കിയും ബീച്ച് കോറിഡോർ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | സ്വീകരിക്കുന്നതാണ്. പ്രസ്തുത വിനോദസഞ്ചാര പദ്ധതിയിൽ നിന്ന് നിലവിലെ നിർവ്വഹണ ഏജൻസിയെ മാറ്റി പുതിയ ഏജൻസിയെ നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പഴയ നിർവ്വഹണ ഏജൻസി ചെയ്ത പ്രവർത്തികളുടെ തുക വിലയിരുത്തി നൽകാൻ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ ഏജൻസിയെ നിശ്ചയിച്ച് CRZ നിയമത്തിന്റെ പരിധിയിൽ വരുന്ന ഘടകങ്ങളെ ഒഴിവാക്കിക്കൊണ്ട് പദ്ധതിയുമായി മുന്നോട്ട് പോകുവാൻ സാധിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ പ്രാധാന്യവും നടപ്പിലാക്കാൻ നേരിടുന്ന കാലതാമസവും കണക്കിലെടുത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർക്കാൻ 24.01.2022ന് നിയമസഭാംഗം നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | ടി പദ്ധതിയുടെ പുരോഗതി അവലോകനത്തിനായി 28/01/2022-ൽ ടൂറിസം ഡയറക്ടർ വിളിച്ച ചേർത്ത മേഖലാ-ജില്ലാ തല ടൂറിസം വകുപ്പുദ്യോഗസ്ഥരുടെ ഓൺലൈൻ മുഖേനയുള്ള പദ്ധതികളുടെ പുരോഗതി അവലോകനയോഗത്തിൽ, ടി പദ്ധതിയിൽ (1) നിർവഹണ ഏജൻസിയുടെ മെല്ലെപോക്ക്, (2) വൈപ്പിൻ ഭാഗത്തു തീരദേശ പരിപാലന നിയമപ്രകാരമുള്ള അനുമതി ലഭ്യമാകത്തത്, പ്രദേശവാസികളുടെ എതിർപ്പ് എന്നീ മൂന്ന് കാരണങ്ങളാൽ പ്രവൃത്തി പുരോഗതി ഇല്ലെന്നു ഡെപ്യൂട്ടി ഡയറക്ടർ യോഗത്തെ അറിയിച്ചു. പ്രവൃത്തി തുടരാവുന്ന മുനമ്പം ഭാഗത്തു മൊത്തം 3% പുരോഗതി മാത്രമേ ഉണ്ടായിട്ടുള്ളു. ബഹു. എം.എൽ.എ. യുമായുള്ള ചർച്ചയിൽ ടി പദ്ധതിയിൽ സി.ആർ.ഇസഡ് ക്ളിയറൻസ് ബാധകമല്ലാത്ത |

| | | | |
|---|---|---|---|
| | | | ഘടകങ്ങളിൽ പ്രവൃത്തി ആരംഭിക്കുന്ന കാര്യം തീരുമാനിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരികളുമായി ഒരു സ്ഥലസന്ദർശനം ഉടൻ നടത്തുന്നതാണെന്ന് അറിയിക്കുകയുണ്ടായി. തൽസ്ഥിതി വിലയിരുത്തിയ ശേഷം, ടൂറിസം ഡയറക്ടർ ഏജൻസിയായ തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിനെ മാറ്റി നാളിതുവരെ പൂർത്തിയാക്കിയ പ്രവൃത്തികളുടെ മൂല്യം നിർണയിച്ച്, തിരികെ ലഭ്യമാക്കേണ്ട തുകയും കണക്കാക്കി കൊണ്ട് വേറൊരു ഏജൻസിയെ നിയോഗിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുവാൻ എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറോട് നിർദേശിച്ചു. ടി പദ്ധതിയുടെ പുരോഗതി അവലോകനത്തിനായി 26/02/2022-ൽ ടൂറിസം ഡയറക്ടർ വിളിച്ചു ചേർത്ത മേഖലാ-ജില്ലാ തല ടൂറിസം വകുപ്പുദ്യോഗസ്ഥരുടെ തുടർയോഗത്തിൽ, ബഹു. സ്ഥലം എം.എൽ.എ-യുടെ രേഖാമൂലമുള്ള ആവശ്യപ്രകാരം ടി പദ്ധതിയുടെ മുന്നോട്ടുള്ള പ്രവൃത്തികൾ ഏതു പ്രകാരമാകണമെന്നു നിശ്ചയിക്കാ നായി വകുപ്പിന്റെയും, എജൻസിയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു യോഗം ഉടൻ നടത്തുവാൻ തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ